**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 62** | **26/09/2016 ൽ മറുപടിയ്ക്ക്**

**ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം**

| **ചോദ്യം** | | **ഉത്തരം** |
|---|---|---|
| | **ശ്രീ. കെ.എം.മാണി** | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) | മുൻ സർക്കാരിന്റെ കാലത്ത് ആകെ എത്ര പേർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് ധനസഹായം ലഭിച്ചുവെന്നും എത്ര രൂപ ആകെ വിതരണം ചെയ്തുവെന്നും വ്യക്തമാക്കാമോ; | (എ) (ബി) വിവരം ശേഖരിച്ചുവരുന്നു |
| (ബി) | ഈ സർക്കാർ അധികാരമേറ്റതിനു ശേഷം എത്ര പേർക്ക് ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം നൽകിയെന്നും എത്ര രൂപ നൽകിയെന്നും വ്യക്തമാക്കാമോ; | |
| (സി) | റവന്യൂ ഉദ്യോഗസ്ഥർ വഴി നൽകുന്ന മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുള്ള ധനസഹായത്തുകയുടെ പരിധി കാലാനുസൃതമായി വർദ്ധിപ്പിക്കുവാൻ വേണ്ടി എന്തെല്ലാം നടപടികൾ ഈ സർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടാകുമെന്ന് വ്യക്തമാക്കാമോ? | (സി) 03/09/2016 തീയതിയിലെ സ.ഉ (കൈയ്യെഴുത്ത്) നം.492/16/റ.വ പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായത്തുകയുടെ പരിധി ഉയർത്തി ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാധനസഹായമായി ജില്ലാ കളക്ടർമാർ 10,000/- രൂപ വരെയും, റവന്യൂ വകുപ്പു മന്ത്രി 25,000/- രൂപ വരെയും, മുഖ്യമന്ത്രി 3,00,000/- രൂപ വരെയും അനുവദിക്കുന്നു. മന്ത്രിസഭായോഗ തീരുമാനത്തിന് വിധേയമായി മൂന്നു ലക്ഷം രൂപയിൽ കൂടുതൽ തുകയും അനുവദിക്കാറുണ്ട്. |

**സെക്ഷൻ ഓഫീസർ**